ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ഒന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]

നമ്പർ. ജി2/2241/റ്റിസി/2015

തീയ്യതി, 05/02/2015.

## സർക്കുലർ 4 / 2015

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – വകുപ്പിലെ ഉദ്യോഗസ്ഥർ വാഹന ഉടമകളിൽ നിന്ന് പണപ്പിരിവ് നടത്തുന്നതായുള്ള പരാതി – നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന :-

ദേശീയ ഗയിംസിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥർ വാഹന ഉടമകളിൽ നിന്നും, പ്രത്യേകിച്ച് സ്വകാര്യ ബസ്സ് ഓപ്പറേറ്റർമാരിൽ നിന്നും പണപ്പിരിവ് നടത്തുന്നതായി ചില ദൃശ്യമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇത് നിലവിലുള്ള നിയമ വ്യവസ്ഥയ്ക്ക് എതിരായതും പൊതുജനങ്ങളുടെ ഇടയിൽ വകുപ്പിനെ സംബന്ധിച്ച് മോശപ്പെട്ട പ്രതിഛായ സൃഷ്ടിക്കുന്നതുമാണ്. മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള തുക മാത്രമേ പൊതുജനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളു. ദേശീയ ഗെയിംസ്, റോഡ് സുരക്ഷാപ്രവർത്തനം തുടങ്ങി സർക്കാർ സ്പോൺസർ ചെയ്യുന്ന മറ്റു പരിപാടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാതൊരു വിധ പണപ്പിരിവും ഉദ്യോഗസ്ഥർ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവില്ലാതെ നടത്തുവാൻ പാടുള്ളതല്ല. പണപ്പിരിവ് സംബന്ധിച്ച് മറ്റു വകുപ്പുകളിലെ ഉന്നത തലങ്ങളിൽ നിന്നും

ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ലഭിക്കുകയാണെങ്കിൽ അക്കാര്യം ഉടൻ തന്നെ ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കേണ്ടതാണ്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവില്ലാതെ പണപ്പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ മറ്റൊരു അറിയിപ്പില്ലാതെ തന്നെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് National Saving Certificate (NSC)–കൾ ഹാജരാക്കണമെന്ന് ചില ഉദ്യോഗസ്ഥർ പൊതുജനങ്ങളെയും ഡീലർമാരേയും നിർബന്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ പിൻബലമില്ലാതെയും ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശമില്ലാതെയും NSC പോലുള്ള ഇത്തരം സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് നിർദ്ദേശം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും ഇതിനാൽ അറിയിക്കുന്നു.

7/2

ട്രാൻസ്പോർട്ട് കമ്മീഷണർ